(ബി) കമ്യൂണിറ്റി സർട്ടിഫിക്കറ്റുകളിൽ 'ഹരിജൻ' 'ഗിരിജൻ' എന്നീ പദങ്ങൾ ഉപയോഗിക്കരുതെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. അതുപോലെ എസ്. എസ്. എൽ. സി. ബുക്കുകളിൽ മതം ഏതെന്ന് രേഖപ്പെടുത്തുന്ന കോളത്തിൽ 'ഹരിജൻ' എന്ന പദം ഉപയോഗിക്കരുതെന്ന് കേന്ദ്ര വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റ് തലത്തിൽ ഹരിജനക്ഷേമ വകുപ്പിന്റെ പേര് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എന്നാക്കി മാറ്റിയിട്ടുണ്ട്. പുറത്തുള്ള ഹരിജനക്ഷേമ വകുപ്പിന്റെ പേര് മാറ്റുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

നഴ്സുമാരുടെ പ്രവൃത്തിസമയം

* 85 [127] ശ്രീ. എ. കെ. പത്മനാഭൻ:
,, എം. ജിനദേവൻ:
ശ്രീമതി പി. ദേവകി:
,, കെ. ആർ. ഗൗരി:

ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റാശുപത്രികളിലെ നഴ്സുമാരുടെ പ്രവൃത്തി സമയം 14 മണിക്കൂറിൽനിന്നും 8 മണിക്കൂറാക്കി കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) 1985 ആഗസ്റ്റ് മാസത്തിൽ കേരളാ ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ ഭാരവാഹികളും സെക്രട്ടറിയേറ്റു പടിക്കൽ നിരാഹാരസമരം നടത്തി, അതിനെത്തുടർന്ന് നഴ്സുമാരുടെ സംഘടനാ പ്രതിനിധികളുമായി സർക്കാർ എന്തെങ്കിലും ഒത്തുതീർപ്പ് വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) നഴ്സുമാർക്ക് 8 മണിക്കൂർ ജോലി എന്ന ആവശ്യം ഗവൺമെന്റ് തത്വത്തിൽ അംഗീകരിച്ചിട്ടില്ല. ഈ പ്രശ്നം ഗവൺമെന്റ് അടുത്തകാലത്ത് വിശദമായി പരിശോധിച്ചു. അയൽ സംസ്ഥാനങ്ങളിൽ നിലവിലുള്ള സമ്പ്രദായം കൂടി കണക്കിലെടുത്തുകൊണ്ട് ശാസ്ത്രീയമായ ഒരു പഠനം നടത്തി തീരുമാനം എടുക്കേണ്ടതുണ്ടെന്ന് നിശ്ചയിച്ചു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly